**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 271** **22-07-2021 - ൽ മറുപടിയ്ക്ക്**

**കേരള ബാങ്ക് മുഖേനയുള്ള വായ്പകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | കേരള ബാങ്ക് മുഖേന കർഷകർക്കും ചെറുകിട വ്യവസായ സംരഭകർക്കും ഏർപ്പെടുത്തിയിട്ടുള്ള വായ്പ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ ; | (എ) | കാർഷികാവശ്യങ്ങൾക്കായി കേരളാ ബാങ്കിൽ നിന്നും താഴെ പറയുന്ന വായ്പാ പദ്ധതികൾ ലഭ്യമാണ്. 1. കെ.ബി കിസാൻ മിത്ര(Above 3 lakhs) 2. KBLT Agricultural Refinance 3. K B കിസാൻ മിത്ര 1. കർഷകർക്ക് വസ്തു ഈടിൻമേൽ അതാത് വർഷത്തെ വായ്പാ തോത് അനുസരിച്ച് 8.50 ശതമാനം പലിശനിരക്കിൽ ഓരോ വർഷവും പുതുക്കി പരമാവധി 5 വർഷം വരെ ഹ്രസ്വകാല കാർഷിക വായ്പയായി അനുവദിച്ച് വരുന്നു. 2. കർഷകർക്ക് 3 ലക്ഷം രൂപ വരെ KCC രീതിയിൽ വായ്പ അനുവദിച്ച് വരുന്നു. 3. പരമാവധി 15 വർഷത്തേക്ക് 60 ലക്ഷം രൂപ വരെ 9 ശതമാനം പലിശ നിരക്കിൽ കർഷകർക്ക് വിവിധ കാർഷിക ആവശ്യങ്ങൾക്കായി അനുവദിച്ച് വരുന്നു. 4. കാർഷിക അനുബന്ധ ആവശ്യങ്ങൾക്കായി 8.50 ശതമാനം പലിശ നിരക്കിൽ കേന്ദ്രസർക്കാർ സബ്സിഡിയോട് കൂടി KB Micro food processing വായ്പ നൽകി വരുന്നു. ചെറുകിട വ്യവസായ സംരഭകർക്കായി താഴെപറയുന്ന വായ്പാ പദ്ധതികൾ ലഭ്യമാണ്. 1. KB MITRA(MSME) വായ്പാ പദ്ധതി 8.75% പലിശ നിരക്കിൽ 60 ലക്ഷം രൂപ വരെയും കമ്പനികൾക്ക് 1 കോടി രൂപ വരെയും ചെറുകിട വ്യവസായസംരഭകർക്കായി നൽകിയിരിക്കുന്നു. 2. KB SUVIDHA (MSME) 10 ലക്ഷം രൂപ വരെ 10 വർഷ കാലയളവിൽ നൽകിവരുന്നു. 3. തിരികെ എത്തിയ പ്രവാസികൾക്കായി നോർക്ക് റൂട്ട്സ് മായി സഹകരിച്ച് സബ്സിഡിയോട് കൂടി ചെറുകിട വ്യവസായ സംരംഭങ്ങൾ തുടങ്ങുവാൻ 11 ശതമാനം പലിശ നിരക്കിൽ 24 ലക്ഷം രൂപ വരെ അനുവദിച്ച് വരുന്നു. |
| (ബി) | ജില്ല സഹകരണ ബാങ്കുകൾ കേരള ബാങ്ക് ആക്കി മാറ്റിയതിനു ശേഷം കർഷകർക്കും വ്യാപാരികൾക്കും നൽകിവരുന്ന ഏതെങ്കിലും ലോൺ | (ബി) | സംസ്ഥാന സഹകരണ ബാങ്കിലും മുൻ ജില്ലാ സഹകരണ ബാങ്കുകളിലും നിലവിൽ ഉണ്ടായിരുന്ന വായ്പാ പദ്ധതികളിൽ സമാന ആവശ്യങ്ങൾക്കായി |

| | | | |
|---|---|---|---|
| | നിർത്തലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | | നൽകി വന്നിരുന്ന വായ്പകൾ കേരളാ ബാങ്കിന്റെ രൂപീകരണത്തോടെ ഏകീകൃത രീതിയിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇതിൽ ഉൾപ്പെടാത്ത വായ്പകൾ നിലവിലും അനുവദിച്ച് വരുന്നുണ്ട്. |
| (സി) | വയനാട് ജില്ലയിൽ കേരള ബാങ്കിൽ നിന്നും അനുവദിച്ചു വന്നിരുന്ന വ്യാപാർ സുലഭ് വായ്പ നിർത്തലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | .വയനാട് ജില്ലയിൽ കേരളാ ബാങ്കിൽ നിന്നും അനുവദിച്ച് വന്നിരുന്ന വ്യാപാർ സുലഭ് വായ്പാ പദ്ധതി പ്രകാരം കൃത്യമായി തിരിച്ചടക്കുന്നവർക്ക് നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ